# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1736 12.06.2019 -ലെ മറുപടിയ്ക്ക്**

**കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷന്റെ ഭാരവാഹികൾക്കെതിരെ അച്ചടക്ക നടപടി**

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ. എം. വിൻസെന്റ്** | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാലയിലെ അദ്ധ്യാപക സംഘടനയായ കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷന്റെ ഭാരവാഹികൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് പ്രളയാനന്തര കേരളത്തിന്റെ പുനഃനിർമ്മാണത്തിനായി വൈസ്-ചാൻസിലർ സർവകലാശാല ജീവനക്കാരോട് ഒരു മാസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുവാനായി അഭ്യർത്ഥന നടത്തിയിരുന്നു. അതിനെതിരെ കേരള സർവകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷൻ ഒരു തുറന്ന കത്ത് വൈസ്-ചാൻസിലർക്ക് അയക്കുകയുണ്ടായി. പ്രസ്തുത കത്തിൽ വൈസ്-ചാൻസിലർ പദവിയെ അനാദരിക്കുന്ന രീതിയിലുള്ള ഭാഷാ പ്രയോഗം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇത്തരം ഒരു കത്ത് നൽകിയത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമായതിനാലും ജനറൽ സെക്രട്ടറി, കേരള സർവകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടി വിശദീകരണം പരിശോധിക്കുകയും തൃപ്തികരമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 28.03.2019 ൽ കൂടിയ സിൻഡിക്കേറ്റ് ജനറൽ സെക്രട്ടറി, കേരള സർവകലാശാല ടീച്ചേഴ്സ് ഓർഗ |
| (ബി) | പ്രസ്തുത സംഘടന പുറത്തിറക്കിയ നോട്ടീസിലോ, ലഘുലേഖയിലോ അപകീർത്തികരമായ എന്തെങ്കിലും പരാമർശങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നൈസേഷനെ ഹിയറിംഗിന് വിളിക്കുവാൻ തീരുമാനിക്കുകയുണ്ടായി. 13.05.2019 ൽ നടന്ന ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്നും സർവകലാശാലയ്ക്ക് ഈ കത്തിലെ ഉള്ളടക്കത്തിലുള്ള അതൃപ്തി ജനറൽ സെക്രട്ടറിയെ അറിയിക്കാനും 25.05.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചു. |
| (സി) | സംഘടനാ ഭാരവാഹികൾക്ക് നൽകിയ മെമ്മോക്ക് മറുപടി കൊടുക്കുവാനായി അവർ ആവശ്യപ്പെട്ട രേഖകൾ അവർക്ക് നൽകാതെ സ്വാഭാവിക നീതി നിഷേധിച്ചത് എന്തുകൊണ്ടാണ്; | (സി) | സർവീസ് സംഘടനാ നേതാക്കളുമായി വൈസ്ചാൻസിലർ CMDRF മായി ബന്ധപ്പെട്ട് 03.08.2018 ൽ നടത്തിയ മീറ്റിംഗിന്റെ മിനിട്ട്സാണ് KUTO ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത യോഗത്തിൽ കേരള സർവകലാശാല ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം 15 തവണകളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ ഐക്യകണ്ഠേന തീരുമാനിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം ഇതു പത്തു തവണയായി നിജപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം സർവകലാശാല സർക്കുലർ ഇറക്കുകയും ചെയ്തു. ഇതിന്റെ പകർപ്പ് എല്ലാപേർക്കും ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി. യോഗത്തിലെ തീരുമാനത്തിന് പ്രസക്തി ഇല്ലാതായതുകൊണ്ടാണ് മിനിട്ട്സ് നൽകാതിരുന്നത്. |
| (ഡി) | ഇതിനോടനുബന്ധിച്ച് കേരള സർവ്വകലാശാലയിലെ വേദാന്ത പഠന കേന്ദ്രത്തിന്റെ ഭരണ ചുമതലയും സംവിധാനവും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | കേരള സർവ്വകലാശാലയുടെ സംസ്കൃത വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന വേദാന്ത പഠന കേന്ദ്രത്തിനെ ഫിലോസഫി വകുപ്പിന്റെ കീഴിലേക്ക് മാറ്റുകയും പ്രസ്തുത കേന്ദ്രത്തിന്റെ ഹോണററി ഡയറക്ടർ സ്ഥാനം ഫിലോസഫി വകുപ്പ് അധ്യക്ഷന് നല്കുവാനുമായി 04.04.2019 തീയതിയിലുള്ള Ac.D/3/VS/2019 നമ്പർ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| (ഇ) | തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെയാണോ പ്രസ്തുത തീരുമാനം എടുത്തത്; എങ്കിൽ അതിന് ചീഫ് ഇലക്ടൽ ഓഫീസറുടെ അനുമതി തേടിയിട്ടുണ്ടോ? | (ഇ) | പ്രസ്തുത ഉത്തരവ് താത്കാലികമായി മരവിപ്പിച്ചിരിക്കുകയാണ് . |

സെക്ഷൻ ഓഫീസർ.